## പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : 4406

27.6.2013- ൽ
മറുപടിക്ക്

## കയർ ഫെഡിന്റെ റൂറൽ ബിസിനസ്സ് ഹബ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>„ കെ.അച്ചുതൻ<br>„ പി.എ.മാധവൻ<br>„ വി.ഡി.സതീശൻ | ശ്രീ. അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) കയർഫെഡിന്റെ റൂറൽ ബിസിനസ്സ് ഹബ് പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) കയർഫെഡ് റൂറൽ ബിസിനസ്സ് ഹബ് പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ട്. |
| (ബി) പദ്ധതിയുടെ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) കയറും മറ്റ് സ്വാഭാവിക നാരുകളും ഉപയോഗിച്ച് ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനും അതുവഴി ടി ഉൽപ്പന്നങ്ങളുടെ വ്യാപനവും വിപണനവും വർദ്ധിപ്പിക്കുന്നതും പ്രകൃതി സൗഹൃദ ജീവിതശൈലി പ്രോത്സാഹിപ്പിക്കുക എന്നതുമാണ് ടി പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ. |
| (സി) കയർ ഉൽപ്പന്നങ്ങളുടെ ഗ്രാമീണ വിപണനത്തിന് എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കുമോ; | (സി) ഗ്രാമീണ മേഖലകളിൽ കൂടുതൽ വിപണന കേന്ദ്രങ്ങൾ സ്വന്തമായും സഹകരണ സ്ഥാപനങ്ങൾ, സ്വകാര്യ വ്യക്തികൾ എന്നിവയുമായി ചേർന്ന് സ്ഥാപിക്കുക, താൽക്കാലിക പ്രദർശന വിപണന മേളകൾ,<br>സീസണൽ കയർ മേളകൾ സംഘടിപ്പിക്കുക എന്നിവയിലൂടെയാണ് ഈ പദ്ധതി നടപ്പിലാക്കി വരുന്നത്. |
| (ഡി) ഏതെല്ലാം ഏജൻസികളാണ് പദ്ധതിയുമായി സഹകരിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം? | (ഡി) കയർഫെഡ് നേരിട്ടാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. |

Kumar [signature]
സെക്ഷൻ ഓഫീസർ